എറണാകുളം	-	129
തൃശ്ശൂർ	-	89
പാലക്കാട്	-	75
മലപ്പുറം	-	23
കോഴിക്കോട്	-	44
വയനാട്	-	2
കണ്ണൂർ	-	84
കാസർഗോഡ്	-	33

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

38 (2729) സർക്കസ് കലാകാരന്മാർക്ക് പ്രോൽസാഹനം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് സർക്കസിനെ ഒരു കലയായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) സർക്കസിന്റെയും സർക്കസ് കലാകാരന്മാരുടെയും പ്രോൽസാഹനാർത്ഥം ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കസിന്റെ വികസനത്തിനും പ്രോൽസാഹനത്തിനുംവേണ്ടി ഒരു അക്കാഡമി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏതെങ്കിലും സർക്കസ് കമ്പനിയിൽചേർന്ന് 15 വർഷം സേവനമനുഷ്ഠിച്ചവരും ഇപ്പോൾ ശാരീരികമായും മാനസികമായും അവശത അനുഭവിക്കുന്നവരുമായ 45 വയസ്സിൽ കൂടുതൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്കും പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

(സി) ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

39 (2730) തിരുവനന്തപുരം മൃഗശാല

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോൾ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; ഈ പണിയുടെ മൊത്തം അടങ്കൽ തുക എത്ര;

(ബി) ഈ പണികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) മൃഗശാല വേറെ ഏതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടേയ്ക്ക് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോൾ താഴെപറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ക്രമ. നം	പ്രവർത്തിയുടെ പേര്	അടങ്കൽ തുക
1.	മൃഗാശുപത്രിയുടെ നവീകരണം	22,54,000 രൂപ
2.	കാണ്ടാമൃഗം, ആന എന്നിവയ്ക്കു വേണ്ടിയുള്ള മോഡേൺ എൻക്ലോഷർ	64,34,000 രൂപ
3.	സാഗായ്മാനുകൾക്കുവേണ്ടിയുള്ള മോഡേൺ എൻക്ലോഷർ	5,68,715 രൂപ
4.	മൃഗശാല വളപ്പിലെ ചുറ്റുമതിൽ ഉയർത്തി കെട്ടുക	4,67,000 രൂപ
	ആകെ	**97,23,715 രൂപ**

(ബി) 1999 ഡിസംബറോടുകൂടി പണികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) തിരുവനന്തപുരം മൃഗശാല മാറ്റുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

40 (2731) തിരുവനന്തപുരം നഗരത്തിലെ ഹാളുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സർക്കാർ അധീനതയിൽ ഉള്ള എത്ര ഹാളുകൾ സാംസ്കാരിക പരിപാടികൾക്കായി വാടകയ്ക്ക് കൊടുക്കാറുണ്ടെന്ന് വ്യക്തമാക്കുമോ; അവയുടെ ഇപ്പോഴുള്ള വാടക എത്രയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ വാടക അടുത്ത കാലയളവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്ത് മാനദണ്ഡത്തിലാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കൂട്ടിയ വാടക വീണ്ടും പഴയ നിരക്കിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly